"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

എ6/523/13

തൈക്കാട് തിരുവനന്തപുരം-14,
തീയതി:23/02/2013

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടി ക്രമം
(നിലവിൽ: കെ.ബിജു, ഐ.എ.എസ്)

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്കം - സസ്പെൻഷനിൽ ആയിരുന്ന ഉദ്യോഗസ്ഥനെ സേവനത്തിൽ തിരിച്ച് എടുത്ത് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന:- 1. ട്രെയിനിംഗ് ഡയറക്ടറുടെ 09.01.2013 ലെ എ6/523/13 നമ്പർ നടപടി ക്രമം.

2. ട്രെയിനിംഗ് ഡയറക്ടറുടെ 05.02.13 ലെ എ6/520/13 നമ്പർ ഇണ്ടാസ്.

3. 22.02.2013-ൽ ട്രെയിനിംഗ് ഡയറക്ടറുടെ ചേമ്പറിൽ ചേർന്ന ഹിയറിംഗ്.

4. ജി.ഒ.(പി) 17/2013 പൊ.ഭ.വ. തീയതി:19.01.2013.

----------------

08.01.2013 മുതൽ സർക്കാർ ജീവനക്കാരിലേയും അദ്ധ്യാപരിലേയും ഒരു വിഭാഗം ജീവനക്കാർ ആഹ്വാനം ചെയ്ത അനിശ്ചിതകാല പണിമുടക്കിൽ പങ്കെടുക്കുകയും, ആഫീസ് തലവൻ എന്ന നിലയിൽ തന്റെ ആഫീസ് പ്രവർത്തിക്കുവാൻ അനുവദിക്കാതെ ഇരിക്കുകയും ചെയ്തതിനാൽ ഈ വകുപ്പിലെ കോട്ടയം ആർ.ഐ. സെന്ററിലെ ട്രെയിനിംഗ് ആഫീസർ ആയ ശ്രീ.കെ.മൊയ്ദീൻകുട്ടിയെ പരാമർശം (1) പ്രകാരം സസ്പെന്റ് ചെയ്തിരുന്നു.

തുടർന്ന് കോട്ടയം ഐ.ടി.-ഇൻ-ചാർജ്ജ് ആയ ശ്രീ.റ്റി.റോയി മാത്യുവിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. മൊയ്ദീൻകുട്ടിയുടെ വിശദീകരണം വകുപ്പ് തേടുകയും ചെയ്തു. ആയത് അവസരത്തിൽ തന്നെ കോട്ടയം ആർ.ഐ. സെന്ററിലെ ഹെഡ് ക്ലാർക്ക് ആയ ശ്രീ. സി.വി. ചന്ദ്രശേഖരന്റെ ആവലാതി ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ. മൊയ്ദീൻകുട്ടിയെ നേരിൽ കേൾക്കുന്നതിനായി 12.02.2013 ന് എത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ ആയത് ദിവസം നേരിൽ കേൾക്കുന്നതിനായി ടിയാൾ ഹാജരാകാതെ വരികയും, ഒരു വിഭാഗം ജീവനക്കാർ വകുപ്പ് ആസ്ഥാനത്ത് എത്തി

വകുപ്പ് അദ്ധ്യക്ഷന് എതിരെയും വകുപ്പ് മന്ത്രിയ്ക്ക് എതിരെയും അസഭ്യ ഭാഷയിൽ മുദ്രാവാക്യങ്ങൾ മുഴക്കുകയും പോസ്റ്ററുകൾ പതിക്കുകയും ചെയ്തു. തുടർന്ന് വകുപ്പ് അദ്ധ്യക്ഷൻ എന്ന നിലയിൽ ശ്രീ. കെ. മൊയ്ദീൻ കുട്ടിയെ നേരിൽ കേൾക്കുവാനായി ഒരിക്കൽ കൂടി ഹാജരാകുവാൻ (23.02.2013 ന്) അറിയിപ്പ് നൽകി. തുടർന്ന് 22.02.2013 ൽ തന്നെ ശ്രീ.കെ.മൊയ്ദീൻ കുട്ടി നേരിട്ട് ട്രെയിനിംഗ് ഡയറക്ടറെ വന്നുകാണുകയും, ടിയാന്റെ ഭാഗം വിശദീകരിക്കുകയും ചെയ്തു. ടിയാന്റെ വിശദീകരണം തൃപ്തികരമായി വകുപ്പ് അദ്ധ്യക്ഷന് ബോധ്യമായിട്ടുണ്ട്.

ശ്രീ. സി.വി. ചന്ദ്രശേഖരൻ, ഹെഡ് ക്ലാർക്ക് കുമരകം പോലീസ് സ്റ്റേഷനിൽ നൽകിയിരിക്കുന്നത് സ്വകാര്യ അന്യായം ആയതിനാലും വകുപ്പിന് ആയത് സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പ് ലഭിച്ചിട്ടില്ലാത്തതിനാലും ആയത് സംബന്ധിച്ച് തുടർ നടപടി എടുക്കുവാൻ കഴിയുകയില്ല. പരാമർശം (4) ലെ സർക്കാർ ഉത്തരവ് പ്രകാരം 08.01.2013 മുതൽ ഒരു വിഭാഗം ജീവനക്കാർ ആഹ്വാനം ചെയ്ത പണിമുടക്കത്തിൽ പങ്കെടുത്ത ജീവനക്കാരുടെ മേൽ ഉള്ള നടപടികൾ പിൻവലിക്കുന്നതിന്റെ ഭാഗമായി, ശ്രീ. കെ.മൊയ്ദീൻകുട്ടിയ്ക്ക് എതിരെയുള്ള നടപടികൾ അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ടി യാൻ തന്റെ സസ്പെൻഷൻ കാലഘട്ടത്തിലേയ്ക്ക് അർഹമായ അവധി നൽകി, അടിയന്തിരമായി കോട്ടയം ആർ.ഐ. സെന്ററിലെ ചാർജ് ഏറ്റെടുക്കുവാൻ നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്:-

ശ്രീ. കെ. മൊയ്ദീൻകുട്ടി
ട്രെയിനിംഗ് ഓഫീസർ
ആർ.ഐ.സെന്റർ, കോട്ടയം.

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ, കേരള
2. ശ്രീ. സി.എൽ. അനുരാധ, പ്രിൻസിപ്പാൾ, ഐ.ടി.ഐ., തിരുവാർപ്പ്
   (ശ്രീ. കെ. മൊയ്ദീൻകുട്ടിക്ക് ചാർജ് കൈമാറുവാൻ നിർദ്ദേശിക്കുന്നു.)
3. വകുപ്പ് വെബ്സൈറ്റ്.

// ഉത്തരവിൻ പ്രകാരം //

സീനിയർ സൂപ്രണ്ട്.

J/23/02/2013